## സുൽത്താൻ ബത്തേരി പഞ്ചായത്ത് ബസ് സ്റ്റാന്റിന്റെ ചുറ്റുമതിൽ സംരക്ഷിക്കുന്നതിന് നടപടി

**85 (3173)** ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരിയിലെ പഞ്ചായത്ത് ബസ് സ്റ്റാന്റിന്റെ ചുറ്റുമതിൽ പൊളിച്ചു മാറ്റാൻ കച്ചവടക്കാരായ സ്വകാര്യവ്യക്തികൾ നീക്കം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ചുറ്റുമതിൽ സംരക്ഷിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് ഒരു പരാതി വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ചുറ്റുമതിൽ സംരക്ഷിക്കുന്നതിന് സുൽത്താൻ ബത്തേരി പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പനവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സസ്പെൻഷൻ

**86 (3174)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ സസ്പെന്റ് ചെയ്ത സംഭവത്തിനാസ്പദമായ കാര്യങ്ങളെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പഞ്ചായത്ത് വക മരം മുറിച്ച് മാറ്റിയതു സംബന്ധിച്ച് പോലീസ് കേസ്സെടുത്തിട്ടുണ്ടോ; ഇതിലെ പ്രതികൾ ആരെല്ലാമാണ്;

(സി) കേസ് ചാർജ് ചെയ്തിട്ടുണ്ടോ; എഫ്.ഐ.ആർ കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ;

(ഡി) തൊണ്ടി സാധനം ഇപ്പോൾ ആരുടെ കസ്റ്റഡിയിലാണ്;

(ഇ) തൊണ്ടിയായി പിടിച്ചെടുത്ത തടിയുടെ പഴക്കം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് പരിശോധന നടത്തിയത്; ഫലം എന്താണ്;

(എഫ്)ഈ മരം മുറിച്ചു മാറ്റിയതുമൂലം പഞ്ചായത്തിന് എന്തു തുക നഷ്ടമായിട്ടുണ്ട്;

(ജി) മരം മുറിച്ച വിവരം പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടതെന്നാണ്; ഇതിനുശേഷം പഞ്ചായത്ത് അധികൃതർ എന്തൊക്കെ നടപടി സ്വീകരിച്ചു;

(എച്ച്)നടപടി കൊക്കൊള്ളുന്നതിൽ പഞ്ചായത്ത് അധികൃതർ എന്തെങ്കിലും അനാസ്ഥ കാട്ടിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഐ) പഞ്ചായത്ത് സെക്രട്ടറിക്കെതിരായ അന്വേഷണം എന്നേക്ക് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly